www.malankaralibrary.com

ജൂൺ
2023
ലക്കം 6

# യുവചേതന

എം.സി.വൈ.എം. സഭാതല സമിതി മുഖപത്രം



മരണത്തിന്റെ ലഹരിയിൽ നിന്നും ജീവന്റെ നന്മയിലേക്ക്...

www.malankaralibrary.com



# എഡിറ്റോറിയൽ

യുവജനങ്ങൾ സമൂഹത്തിന്റെ പ്രതീക്ഷയും തിരിവെട്ടവും ആണ്. ഇന്നിന്റെ ശക്തിയും നാളത്തെ വാഗ്ദാനങ്ങളുമാണ്. എന്നാൽ, ഇന്നത്തെ യുവതലമുറയിൽ കുറെ അധികം പേർ ലഹരിയുടെ വലിയ നീരാളി പിടുത്തത്തിലേക്ക് അകപ്പെട്ടുപ്പോകുന്നുണ്ട്. ആശങ്ക ഉണർത്തുന്ന കണക്കുകളാണ് നമുക്ക് മുമ്പിലേക്ക് എത്തുന്നത്. രാവിലത്തെ പത്രങ്ങൾ തുറന്നു നോക്കിയാൽ തന്നെ അതിന്റെ തെളിവുകൾ നമുക്ക് മനസ്സിലാക്കാൻ സാധിക്കും.

മസ്തിഷ്കത്തിനെയും നാഡീ പ്രവർത്തനങ്ങളെയും ബാധിക്കുന്ന ലഹരിയുടെ ഉപയോഗം ഇന്ന് ഹൃദയത്തിന്റെയും മനസ്സിന്റെയും തന്നെ താളം തെറ്റിക്കുന്നു. സ്വന്തം ജീവിതത്തെ സ്വയം മനസ്സിലാക്കാൻ പോലും പറ്റാത്ത ഒരു യുവതലമുറ നമുക്ക് ഇടയിൽ വളർന്നു വരുന്നത് നമുക്കിന്ന് കാണാൻ സാധിക്കും.

നല്ല നല്ല തീരുമാനങ്ങൾ എടുക്കുവാനും സമൂഹത്തിനു വേണ്ടി പ്രവർത്തിക്കുവാനും നല്ല കാര്യങ്ങൾ ചിന്തിക്കുവാനും കഴിയുന്ന ഒരു യുവതലമുറയെ വാർത്തെടുക്കണമെങ്കിൽ മനുഷ്യമനസ്സുകളിൽ സ്വത്വബോധം ഉണർത്തുന്ന പ്രവർത്തന വീഥിയിലേക്ക് നാം ഓരോരുത്തരും ഇറങ്ങിത്തിരിക്കണം. ആരോഗ്യമുള്ള സമൂഹത്തിനായി ലഹരിയുടെ പിടിയിൽ നിന്നും യുവത്വത്തെ രക്ഷപ്പെടുത്താനും കുടുംബ ബന്ധങ്ങൾ തകരാതിരിക്കാനും ലഹരിയെ ഒഴിവാക്കുക എന്ന ലക്ഷ്യവുമായി മുന്നോട്ട് തന്നെ നീങ്ങണം. ജീവിതവഴികൾ കടന്നുവരുന്ന പ്രതിസന്ധികളിൽ ലഹരിയെ ആശ്രയിക്കാതെ ഈശോയിൽ സ്നേഹം കണ്ടെത്തുവാനും അവനിൽ ആശ്രയിച്ച് ആശ്വാസം നേടുവാനും നാമൊരുങ്ങണം. നമ്മുടെ ചുറ്റും ലഹരിയുടെ ഉപയോഗംമൂലം ജീവിതം തന്നെ നിരാശയിലേക്ക് താഴ്ന്നുപോയ അനേകം യുവജനങ്ങളെ നമുക്കറിയാം. അവരെ ചേർത്ത് നിർത്തി ഈശോ പകർന്നു തന്ന സ്നേഹമാകുന്ന ലഹരിയെ അവരുടെ ഹൃദയങ്ങളിലേക്ക് എത്തിക്കുവാൻ നമുക്ക് സാധിക്കണം.

സഭയുടെ ധാർമിക യുവജന പ്രസ്ഥാനം എന്ന നിലയിൽ നമ്മുടെ ഒപ്പമായിരിക്കുന്നവരെയും നമ്മുടെ സമൂഹത്തിലുള്ളവരെയും ഇത്തരം തെറ്റുകളിൽ നിന്ന് പിന്തിരിക്കേണ്ട ഉത്തരവാദിത്വം നമ്മൾ നിക്ഷിപ്തമാണ്.

അതിനുവേണ്ട കർമ്മപരിപാടികളുമായി സമൂഹത്തിനിടയിലേക്ക് ഇറങ്ങിച്ചെല്ലുവാൻ നമുക്ക് ആകണം. സ്വത്വബോധം നഷ്ടപ്പെടുന്ന ഒരു തലമുറ അല്ല നമുക്കാവശ്യം, ആത്മാഭിമാനബോധമുള്ള ഒരു യുവതലമുറയെ പടുത്തുയർത്തുവാൻ നമുക്ക് സാധിക്കണം.

അതിനായി നമുക്ക് മുൻപോട്ട് ഇറങ്ങാം..



സ്നേഹപൂർവ്വം

**സുബിൻ തോമസ്**

സഭാതല ജനറൽ സെക്രട്ടറി

ചീഫ് എഡിറ്റർ

www.malankaralibrary.com



# Presidential Desk

**കാ**ലത്തിന്റെ വളർച്ച അത്യന്തം ഭീകരമായ പുതിയ മാറ്റങ്ങൾക്ക് വഴിതിരിക്കുകയാണ്. വിദ്യാഭ്യാസരഹിരായ മനുഷ്യർ തങ്ങളുടെ അധ്വാനത്തിന്റെ ഭാരം കുറയ്ക്കാൻ ഒരു നേരം മദ്യപാനം ശീലമാക്കിയിരുന്ന കാലത്ത് നിന്നും അത് ഒരു നിത്യ ഉപയോഗവസ്തുവാക്കി മാറ്റിയിരിക്കുന്ന യുവതലമുറയുടെ നേർസാക്ഷികളാണ് നമ്മൾ ഓരോരുത്തരും. താൽക്കാലിക സുഖത്തിനു വേണ്ടി ചിലരും പണം സമ്പാദിക്കുന്നതിനു വേണ്ടി മറ്റു ചിലരും കാട്ടിക്കൂട്ടുന്ന തെറ്റായ ഈ സമീപനത്തെ അറിഞ്ഞോ അറിയാതെയോ ഒരുപറ്റം ആധുനികതയുടെ വക്താക്കൾ പ്രോത്സാഹിപ്പിക്കുന്നുണ്ട്. 'ജീവിതം ആസ്വദിക്കാനുള്ളതാണ്, അത് ആവോളം അനുഭവിച്ച മരിക്കാവൂ' എന്ന് ചിന്തിക്കുന്ന പുതിയ തലമുറയുടെ സംസ്കാരം ഒരുപക്ഷേ ആ തലമുറയിൽ ആയിരിക്കുന്ന നമുക്ക് ഓരോരുത്തർക്കും അവ്യക്തമാണ്. ക്രിസ്തുവെന്ന പരമാനന്ദത്തെ നേരിൽ കണ്ടുകൊണ്ട് ക്രിസ്തുവിന് സാക്ഷികളായി ജീവിക്കാൻ നാം നമ്മുടെ ജീവിതങ്ങളെ തെരഞ്ഞെടുക്കുമ്പോൾ, ലഹരി എന്ന മാരകവിപത്തിന് അടിമകളായിരിക്കുന്ന അനേകരെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടു വരുവാനുള്ള വലിയ ഉത്തരവാദിത്വവും നമ്മിൽ ഉണ്ട്. സാമ്പത്തിക ഉന്നതിയുള്ള ഒരു സമൂഹത്തിലാണ് ഇന്നത്തെ തലമുറ ജീവിക്കുന്നത്. പണം മൂല്യം നഷ്ടപ്പെട്ട ഒരു സ്രോതസ്സായി മാറിയിരിക്കുമ്പോൾ, ക്രിസ്തുവിനെ നഷ്ടപ്പെട്ടു പോകുന്നതിന്റെ വേദന അവർ തിരിച്ചറിയുന്നില്ല. നമുക്ക് പിന്നാലെ വരുന്ന തലമുറയെ ക്രിസ്തീയ വിശ്വാസത്തിൽ കൊണ്ടുവരേണ്ടതിന്റെ ആവശ്യകത ഇവിടെയാണ് ഉയരുന്നത്. കുടുംബപ്രാർത്ഥനകൾ പോലും പ്രഹസനമായി മാറുന്ന ഒരു തലമുറയുടെ പിൻഗാമികൾ ആണ് ഇന്നത്തെ കുഞ്ഞുങ്ങൾ എന്ന് നമുക്കറിയാം. അവരിലേക്ക് നമ്മൾ ക്രിസ്തുവായി ഇറങ്ങിച്ചെന്നാൽ മാത്രമേ വരും കാലഘട്ടങ്ങളിൽ നേരിന്റെ നന്മ അറിയുന്ന ഒരു തലമുറ നമുക്ക് കാണാൻ കഴിയു. ഉദയസൂര്യൻ ചക്രവാളത്തിൽ ഉജ്ജ്വലിക്കുമ്പോൾ, അവിടെ ഉയരുന്നത് ക്രിസ്തുവിന്റെ പ്രകാശമാണെന്ന് തിരിച്ചറിവ് നമുക്കുണ്ടായെ മതിയാകു. അനേകം മാതാപിതാക്കൾ ഇന്ന് കണ്ണുനീരോടെ പ്രാർത്ഥിക്കുന്നത് ലഹരിയുടെ അടിമത്തത്തിൽപ്പെട്ട കുഞ്ഞുങ്ങൾക്ക് വേണ്ടിയാണ്. അവർ നഷ്ടപ്പെടുത്തുന്ന സമാധാനം തിരിച്ചു കിട്ടാൻ ആരൊക്കെയാണോ കണ്ണീരോടെ പ്രാർത്ഥിക്കുന്നത് അവരെ നമുക്ക് പ്രാർത്ഥനാപൂർവ്വം, സാധിക്കുന്ന രീതിയിൽ ലഹരിയുടെ അടിമത്വത്തിൽ ആയിരിക്കുന്ന പ്രിയപ്പെട്ടവരെ നമുക്കൊപ്പം ചേർത്ത് നന്മയിലേക്ക് തിരിച്ചുകൊണ്ടുവരാം.

ദൈവം നമ്മെ ധാരാളമായി അനുഗ്രഹിക്കട്ടെ.

**എയ്ഞ്ചൽ മേരി**

എം.സി.വൈ.എം. പ്രസിഡന്റ്

www.malankaralibrary.com



# ഒരു യാത്രാമൊഴി



**ജിതിൻ ഷാജി**
പ്രസിഡന്റ്
എം.സി.വൈ.എം., മാവേലിക്കര ഭദ്രാസനം

ഒരുപാട് യാത്രകൾ നടത്തിയിട്ടെങ്കിലും ഈ ഒരു യാത്ര അത് മായിക്കുവാൻ കാലത്തിന്റെ തിരമാലകൾക്കോ മറവിയുടെ മാറാലകൾക്കോ സാധ്യമല്ല... 2 ദിവസങ്ങൾക്കൊണ്ട് അത്രമേൽ പ്രിയപ്പെട്ടതായി മാറി ദേൻകനിക്കൊട്ട... അവിടുത്തെ വൈദികർ... സിസ്റ്റേഴ്സ്... പ്രിയമുള്ളവർ...

“ഈ ലോകത്ത് ഒരുപാട് പേർക്ക് പൊന്നും പണവും കൊടുക്കും. ഒരുപാടുപേർക്ക് വമ്പുള്ള ഉദ്യോഗം കൊടുക്കും. പക്ഷേ ലക്ഷത്തിൽ ഒരാൾക്കേ പടച്ചവൻ അവന്റെ മനസ്സ് കൊടുക്കൂ. എന്തിനാണെന്നോ അവന്റെ തീരുമാനങ്ങൾ ഇവിടെ നടപ്പിലാക്കാൻ”

ഇമ്മാനുവേൽ എന്ന സിനിമയിലെ സുകുമാരിയമ്മയുടെ ചങ്കുപിളർക്കുന്ന ഡയലോഗ് ആണ്.

അങ്ങനെയെങ്കിൽ ദൈവം അവന്റെ തീരുമാനങ്ങൾ നടപ്പിലാക്കാൻ അവന്റെ മനസ് നൽകിയ കുറച്ചു പേരെ കണ്ട സന്തോഷത്തിൽ അവിടെ നിന്ന് യാത്ര പറഞ്ഞു ഇറങ്ങുകയാണ്...

ആടിയും പാടിയും ആഘോഷമാക്കിയ ഓർമ്മകളും... ആരോ ഉപയോഗിച്ച വസ്ത്രമാണെന്ന തിരിച്ചറിവിലും അത് കിട്ടിയപ്പോൾ തിളക്കമുള്ളതായി കണ്ട കണ്ണുകളും... ഒരു പാക്കറ്റ് ബിസ്ക്കറ്റ് കൈകളിൽ എത്തുമ്പോൾ കണ്ടതായ പുഞ്ചിരികളും... കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾ ചെറുപ്രായത്തിൽ എറ്റെടുക്കേണ്ടിവന്ന ബാല്യങ്ങളും... ഒക്കെയും ഇടനെഞ്ചിൽ മായാതെ എന്നുമുണ്ടാകും....

ഓർമ്മിക്കുവാൻ ഞാൻ നിനക്കെന്തു നൽകണം
ഓർമ്മിക്കണം എന്ന വാക്കു മാത്രം
എന്നെങ്കിലും വീണ്ടും എവിടെ വച്ചെങ്കിലും
കണ്ടുമുട്ടാമെന്ന വാക്കു മാത്രം
നാളെ പ്രതീക്ഷതൻ കുങ്കുമപൂവായി
നാം കടംകൊള്ളുന്നതിത്ര മാത്രം

– രേണുക

രണ്ട് ദിവസം കഴിഞ്ഞിട്ടും നിങ്ങളെയൊക്കെ മിസ് ചെയുന്നു എന്ന ജോർജ് അച്ചന്റെ വോയ്സ് മെസ്സേജ് കേൾക്കുമ്പോ ഒരു സന്തോഷവും അഭിമാനവും ഉള്ളിൽ ഒരു ചെറിയ സങ്കടവും....

പ്രിയപ്പെട്ട ദേൻകനികോട്ട... ഇനിയും ഞങ്ങൾ വരും.... ഞങ്ങളാലാവും വിധമുള്ള ചെറിയ സഹായങ്ങളുമായി.

അതിലുമേറെ ദേൻകനികോട്ട മിഷനെ പറ്റി ഞങ്ങൾ പരമാവധി പുറംലോകത്തെ അറിയിക്കും.

www.malankaralibrary.com



# ഒന്ന് ഓർമ്മിക്കാൻ

ഗിഫ്റ്റി മേരി സാം
ജോയിന്റ് സെക്രട്ടറി
എം.സി.വൈ.എം. പത്തനംതിട്ട വൈദിക ജില്ല

ഈ ന്യൂജെൻ കാലഘട്ടത്തിൽ യുവജനങ്ങൾ വളരെയേറെ ചിന്തിക്കേണ്ട ഒരു വിഷയമാണ് നമ്മുടെ ജീവിതം. കുഞ്ഞുനാളിൽ മാമോദീസയിലൂടെയും ആദ്യ കുർബാന സ്വീകരണത്തിലൂടെയും മറ്റും നമ്മുടെ ഉള്ളിലേക്ക് കടന്നുവന്ന ഈശോയുടെ നിജസ്ഥിതി എന്താണെന്ന് ഒരു അവലോകനം നടത്തുന്നത് ഏറ്റവും ഉചിതമായിരിക്കും.

ഈശോയുടെ വഴി വിട്ടു നടക്കാൻ ഈ കാലഘട്ടത്തിൽ ഒരുപാട് ബുദ്ധിമുട്ടൊന്നുമില്ല. മദ്യവും മയക്കുമരുന്നും അമിതമായ ഇന്റർനെറ്റ് ഉപയോഗവും ദൈവാലയത്തിലും ദൈവിക കാര്യങ്ങളിൽ നിന്നുമുള്ള അകൽച്ചയും തെറ്റായ ബന്ധങ്ങളും തുടങ്ങി പലതും ഇന്നത്തെ തലമുറയെ ഒരു മായാലോകത്ത് എത്തിച്ചിരിക്കുകയാണെന്ന് പറയാം. കൊച്ചുകുട്ടികൾ മുതൽ മുതിർന്നവർ വരെ ഈ ചതികെണികളിൽ പെട്ടു ജീവിതം നശിച്ചവരായി കാണാം. ഇത് നമ്മൾ ചിന്തിക്കുന്നതിലും അപകടകരമായ ഒരു അവസ്ഥ തന്നെയാണ്. എന്നാൽ ഇതിന്റെ ആഴം ആർക്കും മനസ്സിലാകുന്നില്ല എന്നതാണ് സത്യം.

www.malankaralibrary.com



അതെ, ഏതു കാര്യത്തിലും തീരുമാനം നിന്റെയാണ്. ശരിയായ മാർഗവും തെറ്റായ മാർഗവും നിന്റെ മുമ്പിലുണ്ട്. ഏതു തിരഞ്ഞെടുക്കണമെന്നത് നിന്റെ മാത്രം തീരുമാനമാണ്. എന്നാൽ നീ തിരഞ്ഞെടുക്കുന്നത് ശരിയായ മാർഗ്ഗമാണെന്ന് ഉറപ്പ് വരുത്തുക, നിന്റെ തീരുമാനങ്ങൾ അപരനെ വേദനിപ്പിക്കാത്തവയായിരിക്കാൻ ശ്രദ്ധിക്കുക. നിമിഷനേരത്തെ സുഖത്തിനുവേണ്ടിയോ, സന്തോഷത്തിനുവേണ്ടിയോ പാപസാഹചര്യത്തിൽ മുഴുകുന്ന നീ ഒന്നോർക്കുക ഒരു ആയുസ്സ് മുഴുവൻ തീർത്താൽ തീരാത്ത കുറ്റബോധത്തിലേക്കും അവസാനം മരണത്തിലേക്കും അതു നിന്നെ തള്ളിവിടുന്നു.

ഈശോ നിന്നെ നോക്കി പറയുന്നു : പ്രിയപ്പെട്ട കുഞ്ഞേ, നിന്റെ കഴിഞ്ഞകാല ജീവിതമോ, പാപസാഹചര്യങ്ങളോ ഒന്നും തന്നെ ഞാൻ ഓർക്കുന്നില്ല പകരം, ഇന്ന് മുതൽ നീ എങ്ങനെ ജീവിക്കുന്നു എന്നത് മാത്രമെ ഞാൻ പരിഗണിക്കുന്നുള്ളു. നിന്റെ വിളിയും പ്രതീക്ഷിച്ച് നിന്റെ ഹൃദയ വാതിലിൽ മുട്ടി വിളിച്ചു കൊണ്ട് അനുദിനം ഈശോ നിൽപ്പുണ്ട്. ഇനിയും ആ വിളി കേട്ടില്ലെന്ന് നടിക്കാതെ നിന്റെ ജീവിത സാഹചര്യങ്ങളെ ഉപേക്ഷിച്ചു ഈശോയോടൊപ്പമുള്ള പുതിയൊരു ജീവിതത്തിലേക്ക് പ്രവേശിക്കുവാൻ തീവ്രമായി ആഗ്രഹിക്കുക, പ്രാർത്ഥിക്കുക. പരിശ്രമിക്കുക.

ജീവിതത്തിൽ ഇവയ്ക്കെല്ലാം അടിമപ്പെട്ട് അവസാനം ആത്മഹത്യയിൽ എത്തിപ്പെടുന്ന ധാരാളം ആളുകൾ പ്രായഭേദമന്യേ നമുക്ക് ചുറ്റുമുണ്ട്. ഈശോയുടെ വഴിവിട്ട് നീ യാത്ര ചെയ്യുമ്പോൾ ഓർക്കുക, ആരംഭം എല്ലാം മനോഹരങ്ങളാണ് എന്നാൽ അവസാനവും അതുപോലെ ആയിരിക്കണമെന്നില്ല. പലപ്പോഴും ഒരു കൗതുകത്തിനോ കൂട്ടുകാരുടെ നിർബന്ധം മൂലമോ, തെറ്റായ ഉപദേശങ്ങൾ മൂലമോ ആകാം ഈ വഴികൾ നമ്മൾ തിരഞ്ഞെടുക്കുന്നത്. എന്നാൽ പിന്നീട് ഒരിക്കലും തിരിച്ചു നടക്കാനാകാത്ത പാപക്കയത്തിലേക്ക് നമ്മൾ വീണുപോയി എന്നതാണ് പരമാർത്ഥം.

വിശുദ്ധ ഗ്രന്ഥത്തിൽ ഇപ്രകാരം കാണുന്നു : "ജീവനും മരണവും അനുഗ്രഹവും ശാപവും ഞാൻ നിന്റെ മുൻപിൽ വച്ചിരിക്കുന്നു എന്നതിന് ആകാശത്തെയും ഭൂമിയെയും ഞാനിന്നു നിനക്കെതിരായി സാക്ഷിയാക്കുന്നു. നീയും നിന്റെ സന്തതികളും ജീവിക്കേണ്ടതിനു ജീവൻ തിരഞ്ഞെടുക്കുക."

നിയമാവർത്തനം 30 : 19

പാപസാഹചര്യം കടന്നുവരുമ്പോൾ എനിക്ക് ഇതു വേണ്ട എന്ന് ഉറച്ച തീരുമാനം എടുക്കാൻ കഴിയുന്നവരാകണം നമ്മൾ ഓരോരുത്തരും. ആദ്യമൊക്കെ കുറച്ച് ബുദ്ധിമുട്ട് വന്നാലും പതിയെ അതിനെ അതിജീവിക്കുവാൻ നമ്മൾക്ക് സാധിക്കും. ഇതിനു സഹായകമാകുന്നത് അനുദിന വചനവായനയും പരിശുദ്ധ കുർബാന സ്വീകരണവും അടുത്തടുത്തുള്ള കുമ്പസാരവുമൊക്കെയാണ്. ഇവയൊക്കെ ചേർത്ത് പിടിച്ചു പരീക്ഷണങ്ങളെ അതിജീവിച്ചു ഈശോയുടെ പ്രിയപ്പെട്ട യുവജനമായി യൗവനകാലം പൂർത്തിയാക്കുവാൻ നമുക്ക് സാധിക്കട്ടെ.

— — — — — — —

www.malankaralibrary.com




# ചങ്ങല



**സ്നേഹ മേരി സണ്ണി**
എം.സി.വൈ.എം. മൂവാറ്റുപുഴ ഭദ്രാസനം

കൂടുമ്പോൾ ഇമ്പമുള്ളതാണ് കുടുംബം എന്ന സ്ഥിരം വരി ഇനിയും എല്ലാ കുറിപ്പുകളിലും എഴുതിത്തള്ളിയാലും അതിന്റെ കാമ്പിന് ഒരു കോട്ടവും തട്ടില്ല. കാരണം മറ്റൊന്നുമല്ല ഇന്ന് എല്ലാ കുടുംബങ്ങളിലും ഒരു സ്ഥാനം എങ്കിലും സാന്നിധ്യം കൊണ്ട് ശൂന്യമാണ്. ഉയരങ്ങൾ തേടി ജീവിതത്തിൽ വഴിമുട്ടി പലരും നാനാ ദിക്കിലേക്ക് പായുകയാണ്. ജീവിക്കാൻ ഇന്ന് കൺമുന്നിൽ തെളിയുന്ന വഴി അത് മാത്രമാകുന്നതിന് അവരെ കുറ്റപ്പെടുത്താനും കഴിയില്ല. സാന്നിധ്യം സഫലമാക്കി സ്വന്തം കുടുംബത്തെ പട്ടിണിയിലാക്കുന്നത് സഹനീയമല്ലല്ലോ, അപ്പോൾ പിന്നെ വിയർപ്പിന് വില തരുന്നിടത്തേക്ക് പായുന്നത് സ്വാഭാവികം. എന്നാൽ ഈ ഓട്ടത്തിനിടെ ചിലരെങ്കിലും ബന്ധങ്ങളുടെ ഒരു ചങ്ങല മുറിച്ചിടാറുണ്ട്. എന്നാൽ ദൂരം കൂടുംതോറും ഈ ചങ്ങല കട്ടിയുള്ളതാക്കുന്ന മറ്റു ചിലരും. ഞാനീ എഴുതുന്നത് ആദ്യം പറഞ്ഞ ഒരു കൂട്ടർക്ക് വേണ്ടിയുള്ളതാണ്.

www.malankaralibrary.com



പഠനത്തിനു വേണ്ടി സ്വന്തം കുടുംബത്തിൽ നിന്നും മാറിനിൽക്കേണ്ടി വന്ന ആൾ എന്ന നിലയിൽ ഈ വിഷയത്തെപ്പറ്റി ഗാഢമായ് അല്ലെങ്കിലും ഒരു തിരിച്ചറിവ് എനിക്കുമുണ്ട്. ഈ ലോകത്ത് നമുക്ക് കിട്ടാവുന്ന സുഖങ്ങൾക്കും സന്തോഷങ്ങൾക്കും സമ്പന്നതയ്ക്കും അതിരില്ലാത്തതാണ്. അതിൽമാത്രം വിശ്വസിച്ച് ലയിച്ചിരുന്ന ഒരു കാലം എല്ലാവർക്കും ഉണ്ടല്ലോ. ഇടയ്ക്ക് എവിടെയോ വച്ച് ഒരു തിരിച്ചറിവ് എന്നിലും കുടുങ്ങിയിരുന്നു. ചെറുപ്പത്തിൽ അപ്പന്റെയും അമ്മയുടെയും സന്തോഷവും അഭിമാനവും ഒക്കെ കാണാൻ വേണ്ടി പഠിച്ചിരുന്ന, അവരെ സന്തോഷിപ്പിക്കാൻ എന്ത് ചെയ്യണം എന്ന് ചിന്തിച്ചിരുന്ന ഞാൻ. ഇന്നും ആ ചിന്തകൾക്കൊന്നും വ്യത്യാസം വന്നിട്ടില്ലെങ്കിലും എവിടെയോ വച്ച് സന്തോഷത്തിന്റെ ലക്ഷ്യം ഞാൻ മാത്രമായി ഒതുങ്ങിപ്പോയെന്ന് ചിന്ത വന്നപ്പോഴാണ് എവിടെയോ ഞാനെന്തൊക്കെയോ വിട്ടുപോയപോലെ. തിരിച്ചറിവിന്റേതായ ഒരു പ്രത്യേകതയുണ്ട്, തെറ്റ് തിരുത്തൽ എന്ന മഹാസംഭവം. കുടുംബത്തിലെ ഓരോരുത്തരും നമുക്ക് എത്ര പ്രിയപ്പെട്ടവരാണ് എന്ന് തിരിച്ചറിവ്. അവരോടൊപ്പം ഉള്ള ഓരോ സമയവും എത്രമാത്രം വിലപ്പെട്ടതും തിരിച്ചു കിട്ടാത്തതും ആണെന്നുള്ള തിരിച്ചറിവ്. എല്ലാറ്റിനും ഉപരിയായി കളഞ്ഞു കുളിച്ച ആ ഓരോ നിമിഷങ്ങൾക്കും പകരമായി ഇനി കിട്ടുന്ന ഓരോ സമയവും ചേർന്ന് നിൽക്കാനും ചേർത്ത് പിടിക്കാനും ഉള്ള പാച്ചിൽ. അതിന് സത്യത്തിൽ ഒരു സുഖമുണ്ട്. ഈ ലോകത്ത് എത്ര വിലപിടിപ്പുള്ളതെങ്കിൽ പോലും അതിനൊന്നും തരാൻ കഴിയാത്തത്ര സമാധാനം.

ജനിപ്പിച്ചവർക്ക് കൊടുക്കാവുന്ന ഏറ്റവും നല്ല സമ്മാനം എന്താണെന്ന് ചോദ്യത്തിന് ആദ്യത്തെ മറുപടി നമ്മുടെ സാന്നിധ്യമാണ്. അതുവഴിയുള്ള അവരുടെ സമാധാനമാണ്. സ്നേഹം മനസ്സിന്റെ അറയിൽ പൂട്ടി വയ്ക്കാതെ ഹൃദയങ്ങളിലേക്ക് ഒഴുക്കാൻ ഈ തലമുറ മറക്കാതിരിക്കണം. ലോകത്തിന്റെ ഏത് കോണിൽ ചെന്നാലും കുടുംബത്തിന്റെ ചങ്ങല നെഞ്ചോട് ചേർത്ത് അകലങ്ങളെ തകർത്തു മനസ്സുകൾ എല്ലാം സ്നേഹത്താൽ അടുപ്പിക്കണം. ചങ്ങലകൾ മനോഹരമാകട്ടെ.

— — — — — — —

www.malankaralibrary.com



## സഭാതലസമിതി

### ദൈവദാസൻ മാർ ഈവാനിയോസ് പദയാത്ര ഒരുക്ക ധ്യാനം നടത്തി




ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ 70-ാം ഓർമ്മ തിരുനാളിനോടനുബന്ധിച്ച് നടത്തുന്ന 43-ാമത് തീർത്ഥാടന പദയാത്രയ്ക്ക് നേതൃത്വം നൽകുന്ന യുവജനങ്ങൾ പട്ടം കബർ ചാപ്പലിൽ ഒരുക്കങ്ങളുടെ ഭാഗമായി ഒരു ദിവസം പ്രാർത്ഥനയിൽ ചിലവഴിച്ചു.

ജൂൺ 28 രാവിലെ 10 മണിക്ക് കരുണ കൊന്തയോട് കൂടി ആരംഭിച്ച പ്രാർത്ഥന ശുശ്രൂഷയിൽ യുവജനങ്ങൾ മധ്യസ്ഥപ്രാർത്ഥന നടത്തി. യുവജന കമ്മീ



ഷൻ ചെയർമാൻ അഭിവന്ദ്യ മാത്യൂസ് മാർ പോളികാർപ്പസ് എപ്പിസ്കോപ്പ വചനസന്ദേശം നൽകി യുവജനങ്ങളെ ആത്മീയമായി ഒരുക്കി. തുടർന്ന് കബർ ചാപ്പലിൽ അർപ്പിച്ച വിശുദ്ധ കുർബാനയിലും യുവജനങ്ങൾ സംബന്ധിച്ചു.

പ്രാർത്ഥന ശുശ്രൂഷകളിൽ സഭാതല, തിരുവനന്തപുരം-പത്തനംതിട്ട ഭദ്രാസനതല ഭാരവാഹികളും പദയാത്രയ്ക്ക് നേതൃത്വം നൽകുന്നവരും പങ്കെടുത്തു.



പ്രാർത്ഥനയ്ക്ക് ശേഷം പദയാത്ര ക്രമീകരണങ്ങളുടെ അവലോകന മീറ്റിങ്ങും നടത്തി. തദവസരത്തിൽ മുൻ സഭാതല ഡയറക്റ്ററും തിരുവനന്തപുരം മേജർ അതിഭദ്രാസന വികാരി ജനറാളുമായ മോൺ. തോമസ് കയ്യാലക്കൽ സന്നിഹിതനായിരുന്നു. ഉച്ചഭക്ഷണത്തോടെ പ്രാർത്ഥന ശുശ്രൂഷകൾ സമാപിച്ചു.

ഒരുക്ക ധ്യാനത്തിന്റെ ക്രമീകരണങ്ങൾക്ക് സഭാതല പ്രസിഡന്റ് എയ്ഞ്ചൽ മേരി , സഭാതല ഡയറക്ടർ ഫാ. പ്രഭീഷ് ജോർജ്, ജനറൽ സെക്രട്ടറി സുബിൻ തോമസ് , ട്രഷറർ ജോബിൻ ഡേവിഡ്, വൈസ് പ്രസിഡന്റ് ടീന കെ.എസ് എന്നിവർ നേതൃത്വം നൽകി

### മണിപ്പൂരിലെ സ്ഥിതി ആശങ്കാജനകം: എം.സി.വൈ.എം. സഭാതല സമിതി

മണിപ്പൂരിലെ ജനങ്ങൾ നേരിടുന്ന പീഡനങ്ങൾ മനസാക്ഷിയെ ഞെട്ടിക്കുന്നതും മനുഷ്യാവകാശങ്ങൾക്കെതിരെയുള്ള പ്രവർത്തികളുമാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ മൗനം വെടിഞ്ഞ് എത്രയും വേഗം ഈ പ്രശ്നം പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം എന്ന് സഭാതല സമിതി ആവശ്യപ്പെട്ടു.

ജൂൺ 28-ാം തീയതി മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആസ്ഥാന ദൈവാലയമായ

www.malankaralibrary.com





പട്ടം സെന്റ്. മേരീസ് മേജർ ആർക്കി എപ്പാർക്കിയൽ ദൈവാലയത്തിൽ മുമ്പിൽ സംഘടിപ്പിച്ച പ്രാർത്ഥന കൂട്ടായ്മയിൽ സഭാതല പ്രസിഡന്റ് എയ്ഞ്ചൽ മേരി അധ്യക്ഷത വഹിച്ചു. സഭാതല ജനറൽ സെക്രട്ടറി സുബിൻ തോമസ് സ്വാഗതം ആശംസിക്കുകയും സഭാതല ഡയറക്ടർ ഫാ. പ്രഭീഷ് ജോർജ്ജ് ആമുഖ പ്രസംഗം നടത്തുകയും ചെയ്തു.

എം.സി.വൈ.എം. മുൻ സഭാതല ഡയറക്ടറും തിരുവനന്തപുരം മേജർ അതിഭദ്രാസന വികാരി ജനറാളുമായ മോൺ. തോമസ് കയ്യാലക്കൽ സമാധാനദീപം തെളിയിച്ച് ഉദ്ഘാടനം ചെയ്തു.

തിരുവനന്തപുരം മേജർ അതിഭദ്രാസന ഡയറക്ടർ ഫാ. ജോസഫ് തോട്ടത്തിൽ കടയിൽ, പത്തനംതിട്ട ഭദ്രാസന ഡയറക്ടർ ഫാ. ജോബ് പതാലിൽ, മേജർ അതിഭദ്രാസന അസിസ്റ്റന്റ് ഡയറക്ടർ ഫാ. അലോഷ്യസ് തെക്കേടത്ത്, മേജർ അതിഭദ്രാസന പ്രസിഡന്റ് രഞ്ജിത ആർ. ജെ., പത്തനംതിട്ട ഭദ്രാസന പ്രസിഡന്റ് അജോഷ് എം. തോമസ്, ആനിമേറ്റർമാരായ സി. ദിവ്യ ജോസ് ഡി.എം., സി. ജോവാൻ എസ്.ഐ.സി., മറ്റ് ഭദ്രാസന ഭാരവാഹികൾ, യുവജനങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

ക്രമീകരണങ്ങൾക്ക് സഭാതല ഡയറക്ടർ ഫാ. പ്രഭീഷ് ജോർജ്ജ്, സഭാതല പ്രസിഡന്റ് എയ്ഞ്ചൽ മേരി, ജനറൽ സെക്രട്ടറി സുബിൻ തോമസ്, ട്രഷറർ ജോബിൻ ഡേവിഡ്, വൈസ് പ്രസിഡന്റ് ടീന കെ. എസ്. എന്നിവർ നേതൃത്വം നൽകി.

## തിരുവല്ല അതിഭദ്രാസനം

### പുണ്യശ്ലോകനായ യാക്കോബ് മാർ തെയോഫിലോസ് പിതാവിന്റെ 67-ാമത് ഓർമ്മ തിരുനാൾ

പുണ്യശ്ലോകനായ യാക്കോബ് മാർ തെയോ



ഫിലോസ് പിതാവിന്റെ 67-ാമത് ഓർമ്മ തിരുനാളിനോടനുബന്ധിച്ച്, അഭിവന്ദ്യ പിതാവിന്റെ കബറിങ്കൽ എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ ജൂൺ മാസം 19 മുതൽ 24 വരെ മേഖലകളുമായി ഒത്തുചേർന്ന് ജാഗരണ പ്രാർത്ഥന നടത്തപ്പെട്ടു.

### നവതി മരം

തിരുവല്ല അതിഭദ്രാസനം നവതി ആഘോഷിക്കുന്ന വേളയിൽ ലോക പരിസ്ഥിതി ദിനമായ 2022 ജൂൺ 5-ാം തീയതി ഞായറാഴ്ച തിരുവല്ല അതിഭദ്രാസനത്തിലെ എല്ലാ എം.സി.വൈ.എം. യൂണിറ്റുകളുടെയും നേതൃത്വത്തിൽ നവതി മരം നട്ടിരുന്നു. അതിഭദ്രാസന സമിതിയിൽ നിന്നും മുൻകൂട്ടി അറിയിച്ചതുപോലെ നവതി മരം നന്നായി പരിപാലി

www.malankaralibrary.com






ച്ചതിലൂടെ 3 യൂണിറ്റുകൾ ഒന്ന്, രണ്ട്, മൂന്ന് സ്ഥാന ങ്ങൾ കരസ്ഥമാക്കിയിരിക്കുന്നു.

ഒന്നാം സമ്മാനം – വെണ്ണിക്കുളം യൂണിറ്റ് (വെണ്ണിക്കുളം മേഖല)

രണ്ടാം സമ്മാനം – കുരിശുമുട്ടം യൂണിറ്റ് (വെണ്ണിക്കുളം മേഖല)

മൂന്നാം സമ്മാനം – തച്ചമം യൂണിറ്റ് (വെണ്ണിക്കുളം മേഖല)

## ഛായചിത്രപ്രയാണവും പദയാത്രയും

പുനരൈക്യ പ്രസ്ഥാനത്തിന്റെ സഹശില്പിയും തിരുവല്ല അതിഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തയുമായിരുന്ന വന്ദ്യ യാക്കോബ് മാർ തെയോഫിലോസ് തിരുമേനിയുടെ 67–ാമത് ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസനത്തിന്റെയും കോട്ടയം മേഖലയുടെയും ആഭിമുഖ്യത്തിൽ ഛായചിത്രപ്രയാണവും പദയാത്രയും നടത്തപ്പെട്ടു. രാവിലെ 8 മണിക്ക് ഒളശ്ശയിലെ പിതാവിന്റെ ജന്മഗൃഹത്തിൽ നിന്നും ആരംഭിച്ച ഛായാചിത്ര പ്രയാണം വാകത്താനം സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ എത്തുകയും തുടർന്ന് അതിഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ ഡോ. തോമസ് മാർ കൂറിലോസ് പിതാവിന്റെ മുഖ്യകാർമികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും ശേഷം ഉച്ചയ്ക്ക് 1 മണിയോടെ ആരംഭിച്ച പദയാത്ര വൈകിട്ട് 5.30 ന് മാർ തെയോഫിലോസ് പിതാവ് അന്ത്യവിശ്രമം കൊള്ളുന്ന സെന്റ് ജോൺസ്




മെത്രാപ്പോലീത്തൻ കത്തീഡ്രൽ ദൈവാലയത്തിലെ കബർ ചാപ്പലിൽ എത്തിച്ചേരുകയും തുടർന്ന് പിതാവിന്റെ കബറിങ്കൽ സന്ധ്യാ നമസ്കാരവും ധൂപപ്രാർത്ഥനയും നടത്തപ്പെട്ടു.

## പുണ്യശ്ലോകനായ യാക്കോബ് മാർ തെയോഫിലോസ് പിതാവിന്റെ അനുസ്മരണ ഗാനങ്ങൾ




പുണ്യശ്ലോകനായ യാക്കോബ് മാർ തെയോഫിലോസ് പിതാവിന്റെ അനുസ്മരണ ഗാനങ്ങൾ കോർത്തിണക്കിക്കൊണ്ട് എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസന സമിതിയുടെ ആഭിമുഖ്യത്തിൽ ബഹു.

www.malankaralibrary.com



ഫിലിപ്പ് തായില്ലം അച്ചൻ ആലപിച്ച ഏറ്റവും പുതിയ ഓഡിയോ പതിപ്പ് ജൂൺ 24-ാം തീയതി വൈകിട്ട് 6 മണിക്ക് തിരുവല്ല അതിഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ ഡോ. തോമസ് മാർ കൂറിലോസ് പിതാവ് വന്ദ്യ തെയോഫിലോസ് പിതാവ് അന്ത്യവിശ്രമം കൊള്ളുന്ന സെന്റ് ജോൺസ് മെത്രാപ്പൊലീത്തൻ കത്തീഡ്രൽ ദൈവാലയത്തിലെ കബർ ചാപ്പലിൽ വച്ച് അതിഭദ്രാസന പ്രസിഡന്റ് ശ്രീ. ജോബിൻ ജോസിന് നൽകി കൊണ്ട് പ്രകാശനം ചെയ്തു.

### ജ്വാല 2k23



മലങ്കര കത്തോലിക്കാ യുവജന പ്രസ്ഥാനം തിരുവല്ല അതിഭദ്രാസനത്തിന്റെ കൾച്ചറൽ ആൻഡ് സ്പോർട്സ് മിനിസ്ട്രിയും തിരുവല്ല സോഷ്യൽ സർവീസ് സൊസൈറ്റി - ബോധനയും സംയുക്തമായി സംഘടിപ്പിച്ച ലഹരിവിരുദ്ധ ബോധവൽക്കരണ ക്യാമ്പെയ്ൻ - ജ്വാല 2K23 ജൂൺ 28-ാം തീയതി രാവിലെ 10 ന് തിരുവല്ല കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സിനു മുമ്പിൽ കേരള നിയമസ ഭാംഗം ബഹുമാനപ്പെട്ട മാത്യു ടി. തോമസ് എം. എൽ. എ. ഉദ്ഘാടനം ചെയ്തു. എം.സി.വൈ.എം. അതിഭ ദ്രാസന ജനറൽ സെക്രട്ടറി പ്രിയ രാജൻ സ്വാഗതം അറിയിച്ചു. അതിഭദ്രാസന ഡയറക്ടർ ഫാ. ഏബ്രഹാം തൈപ്പറമ്പിൽ ആമുഖപ്രഭാഷണം നടത്തി. അതിഭ ദ്രാസന പ്രസിഡന്റ് ജോബിൻ ജോസ് അധ്യക്ഷത വഹിച്ച യോഗത്തിൽ തിരുവല്ല അതിഭദ്രാസന അധ്യ ക്ഷൻ അഭിവന്ദ്യ ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ അനുഗ്രഹ പ്രഭാഷണം നടത്തി. പ്രമുഖ മലയാള ചലച്ചിത്ര സംവിധായകനും തിരക്കഥാകൃത്തുമായ ശ്രീ. കവിയൂർ ശിവപ്രസാദ് മുഖ്യസന്ദേശം നൽകി. ക്യാമ്പെയിനോടനുബന്ധിച്ച് ബഹു. സെബാസ്റ്റ്യൻ കുന്നുംപുറത്ത് അച്ചൻ രചനയും സംവിധാനവും നിർവ്വഹിച്ച തെരുവ് നാടകത്തിന്റെ ആദ്യ പ്രദർശനവും നടത്തപ്പെട്ടു.

## പത്തനംതിട്ട ഭദ്രാസനം

### യുവകർഷകൻ: 2k23




ലോക പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി എം. സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃ ത്വത്തിൽ യുവകർഷകൻ-2023 എന്ന ഒരു മത്സരം സംഘടിപ്പിച്ചു. യുവജനങ്ങളിൽ കാർഷിക വൃത്തി പ്രോത്സാഹിപ്പിക്കുവാൻ വേണ്ടിയാണ് യുവകർഷ കൻ-2023 നടത്തപ്പെട്ടത്. പഠനത്തോടും ജോലിയോടും ഒപ്പം കൃഷി ചെയ്യുന്ന യുവജനങ്ങളുടെ സ്വന്തം കൃഷി യിടത്തിന്റെ വീഡിയോയും അതിന്റെ വിവരണവും ചേർത്ത വീഡിയോകൾ മത്സരാർത്ഥികളിൽ നിന്ന് നവമാധ്യമങ്ങളുടെ സഹായത്തോടെയാണ് യുവ കർഷകനെ കണ്ടെത്താനുള്ള എൻട്രികൾ ശേഖരി ച്ചത്.

### മാർ ഈവാനിയോസ് ക്വിസ്

ദൈവദാസൻ മാർ ഈവാനിയോസ് പിതാവി ന്റെ നാമധേയത്തിൽ പത്തനംതിട്ട ഭദ്രാസനത്തിലെ യൂണിറ്റുകൾക്കായ് മാർ ഈവാനിയോസ് ക്വിസ് മത്സരം സംഘടിപ്പിച്ചു. വൈദിക ജില്ലാ കേന്ദ്രങ്ങളിൽ വച്ച് ജൂൺ 18-ാം തീയതി ഞായറാഴ്ച നടത്തപ്പെട്ട മത്സരം ഭദ്രാസന ഭാരവാഹികൾ കോർഡിനേറ്റർ

www.malankaralibrary.com






മാരായി നിയന്ത്രിച്ചു. ഒ.എം.ആർ. സാങ്കേതിക വിദ്യയുടെ സഹായത്തോടെ നടത്തപ്പെട്ട മത്സരത്തിൽ അൻപതോളം യൂണിറ്റുകൾ മാറ്റുരച്ചു. കോന്നി വൈദിക ജില്ലയിലെ വി കോട്ടയം യൂണിറ്റ്, പന്തളം വൈദിക ജില്ലയിലെ തട്ട യൂണിറ്റ്, പത്തനംതിട്ട വൈദിക ജില്ലയിലെ കാട്ടൂർ യൂണിറ്റ് എന്നിവർ യഥാക്രമം 1, 2, 3 സ്ഥാനങ്ങൾ കരസ്ഥമാക്കി. വിജയികൾക്കും പങ്കെടുത്തവർക്കും എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതിയുടെ അഭിനന്ദനങ്ങൾ.

### ദൈവദാസൻ മാർ ഈവാനിയോസ് തീർത്ഥാടന പദയാത്രയ്ക്ക് നേതൃത്വം നൽകാൻ പ്രാർത്ഥിച്ച് ഒരുങ്ങി യുവജന നേതാക്കന്മാർ

എം.സി.വൈ.എം. സഭാതല സമിതിയുടെ നേതൃത്തിൽ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 70-ാം ഓർമ്മപ്പെരുന്നാളിന്റെ ഭാഗമായി നടത്തപ്പെടുന്ന 43-ാം തീർത്ഥാടന പദയാത്രയ്ക്ക് നേതൃത്വം നൽകുന്ന യുവജന നേതാക്കന്മാർക്കായി പട്ടം കബർ ചപ്പാലിൽ ക്രമീകരിച്ച ധ്യാനത്തിലും





അവസാനവട്ട ഒരുക്കങ്ങൾ ചർച്ച ചെയ്യാനുള്ള മീറ്റിംഗിലും എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന പ്രതിനിധികൾ പങ്കെടുത്തു. ഭദ്രാസന ഡയറക്ടർ റവ. ജോബ് പതാലിൽ, സിസ്റ്റർ ആനിമേറ്റർ സി. ജോവാൻ എസ്.ഐ.സി., ഭദ്രാസന പ്രസിഡന്റ് അജോഷ് എം. തോമസ് എന്നിവർ പ്രസ്തുത നേതൃസംഘത്തെ പത്തനംതിട്ട ഭദ്രാസനത്തിന് വേണ്ടി നയിച്ചു.


## മാവേലിക്കര ഭദ്രാസനം

### പുറപ്പാട് മിഷൻ സന്ദർശനം

എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന സമിതിയുടെ മിഷൻ സന്ദർശനം 2023 ജൂൺ 16, 17, 18 തീയതികളിൽ തമിഴ്നാട് കർണാടക അതിർത്തിയിലെ കാമഗിരി ഗ്രാമത്തിലെ ദേൻക്കനിക്കോട്ടയിൽ നടത്തപ്പെട്ടു. ദേൻക്കനിക്കോട്ടയിലെ ഗൗഡനൂർ, തീപ്പെളിയൂർ, നിർലിറ്റി, ഇരുളാപ്പട്ടി എന്നീ ഗ്രാമങ്ങൾ എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ.ജോൺ അയണുവേലിൽ, സിസ്റ്റർ ആനിമേറ്റർ റവ. സി. സജീവ എസ്.ഐ.സി. ഉൾപ്പെടെ

www.malankaralibrary.com






12 പേരടങ്ങുന്ന സംഘം സന്ദർശിച്ചു. മാവേലിക്കര ഭദ്രാസനത്തിലെ വിവിധ യൂണിറ്റുകളിൽ നിന്നും ശേഖരിച്ച 750 കിലയോളം വസ്ത്രങ്ങളും ആഹാര സാധനങ്ങളും 4 ഗ്രാമങ്ങളിലെ ജനങ്ങൾക്ക് നൽകി. ഗ്രാമങ്ങളിലെ ജനങ്ങളുമായി സംസാരിക്കുകയും അവരോടൊപ്പം പാടിയും ആടിയും ഉല്ലസിക്കുകയും കൂടാതെ അവരുടെ കൂടെയായിരുന്നു ഭക്ഷണം ഉണ്ടാക്കുകയും കഴിക്കുകയും ചെയ്തു. ഭദ്രാസന സമിതിയുടെ മിഷൻ പ്രവർത്തനത്തിന് കൂട്ടായി നിന്ന ദേക്കനിക്കോട്ട മിഷന്റെ ചുമതല വഹിക്കുന്ന റവ. ഫാ. ജോസ് ബെനറ്റ്, അസിസ്റ്റന്റ് റവ. ഫാ. ജോർജ്ജ് ചന്ദനശ്ശേരിൽ, റവ. സി. ശോഭ എസ്.ഐ.സി., റവ. സി. പ്രഭ എസ്.ഐ.സി. എന്നിവരോടുള്ള സ്നേഹവും നന്ദിയും അറിയിക്കുന്നു.

അവൻ അവരോടു പറഞ്ഞു: നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ.

(വി. മർക്കോസ് 16 : 15)

സുവിശേഷത്തിന്റെ നാമ്പുകൾ ഗ്രാമങ്ങളിലെ ജനങ്ങളിലേക്ക് എത്തിക്കാൻ സാധിച്ച യാത്ര. ദാരിദ്രം അനുഭവിക്കുന്നവരുടെയും സമൂഹത്തിൽ നിന്നും അവഗണിക്കപ്പെട്ടവരുടെയും നടുവിലൂടെയുള്ള ഒരു ജീവതയാത്രയായിരുന്നു പുറപ്പാട്.

## പരിസ്ഥിതിദിനഘോഷം





ലോക പരിസ്ഥിതിദിനഘോഷത്തിന്റെ ഭാഗമായി എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ പെരിങ്ങനാട്, സെന്റ് ജോർജ് മലങ്കര സുറിയാനി കത്തോലിക്ക ദൈവാലയ അങ്കണത്തിൽ ഭദ്രാസന അസി. ഡയറക്ടർ റവ. ഫാ. ജോൺ അയണുവേലിലിന്റെയും മറ്റ് ഭദ്രാസന സമിതി അംഗങ്ങളുടെയും സാന്നിധ്യത്തിൽ ഭദ്രാസന ഡയറക്ടർ റവ.ഫാ. വർഗ്ഗീസ് മുകുളുംപുറത്തും ഭദ്രാസന പ്രസിഡന്റ് ശ്രീ. ജിതിൻ ഷാജിയും ചേർന്ന് വൃക്ഷത്തൈ നട്ടു.

## അർദ്ധവാർഷിക സെനറ്റ്

എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന അർദ്ധ വാർഷിക സെനറ്റ് ജൂൺ 25 ന് മാവേലിക്കര വൈദിക ജില്ലയുടെ ആതിഥേയത്വത്തിൽ പുന്നമൂട്, സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. സിസ്റ്റർ ആനിമേറ്റർ റവ. സി. സജീവ എസ്.ഐ.സി. പതാക ഉയർത്തി സെനറ്റ് സമ്മേളനത്തിന് തുടക്കം കുറിച്ചു. ഭദ്രാസന പ്രസിഡന്റ് ജിതിൻ ഷാജി അധ്യക്ഷത വഹിച്ച സമ്മേളനത്തിന് ഭദ്രാസന ജനറൽ സെക്രട്ടറി ശ്രീ രഞ്ജു രാജു സ്വാഗതം ആശംസിച്ചു. മാവേലിക്കര ഭദ്രാസന വികാരി ജനറാൾ മോൺ. ഡോ. സ്റ്റീഫൻ കുളത്തുംകരോട്ട് ഉദ്ഘാടനം ചെയ്ത സെനറ്റ് സമ്മേളനത്തിന് ഭദ്രാസന ഡയറക്ടർ റവ. ഫാ. വർഗ്ഗീസ് മുകുളുംപുറത്ത് ആമുഖ സന്ദേശം നൽകി. അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. ജോൺ അയണുവേലിലും മാവേലിക്കര വൈദികജില്ല ഡയറക്ടർ

www.malankaralibrary.com





റവ. ഫാ. ഡൈനീഷ്യസ് ലൂർദ്ദ് ഭവനും സെനറ്റിന് ആശംസകൾ അർപ്പിച്ചു. തുടർന്ന് വൈദിക ജില്ലകളുടെ റിപ്പോർട്ട് അവതരപ്പിക്കുകയും ശേഷം ഭദ്രാസന സമിതിയുടെ 6 മാസക്കാലത്തെ റിപ്പോർട്ടും കണക്കും അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് സംഘടന ചർച്ചയും സമിതിയുടെ വരും പ്രവർത്തനങ്ങളെ പറ്റിയുള്ള ചർച്ചയും നടത്തപ്പെട്ടു. ഭദ്രാസന ട്രഷറർ കിച്ചു തോമസ് സെനറ്റ് സമ്മേളനത്തിന് നന്ദി അർപ്പിച്ചു.

## മൂവാറ്റുപുഴ ഭദ്രാസനം

### മന്ന 2K23(Food For Hungry)

“യുവജനങ്ങളെ ഉണരു.. തിടുക്കത്തിൽ ഒന്നിച്ച് മുന്നേറാം” എന്ന ആശയത്തെ മുറുകെപ്പിടിച്ചുകൊണ്ട് എം.സി.വൈ.എം. മുവാറ്റുപുഴ ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ കുന്നംകുളീ വഴിവക്കിൽ കഴിയുന്ന അനാഥർക്കും അശരണർക്കും പൊതിച്ചോറ് എത്തിച്ച് നൽകുന്ന കാരുണ്യ പ്രവർത്തനമായ ‘മന്ന 2K23(Food For Hungry)’- വട്ടായി സെന്റ പീറ്റർ & പോൾ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു.

ഉദ്ഘാടന സന്ദേശം നൽകിയ ജില്ലാ ഡയറക്ടർ ബഹു. റോയ് കാപ്പിൽ അച്ചനും മറ്റ് സഹ ജില്ലാ സമിതി അംഗങ്ങൾ, യൂണിറ്റ് ഭാരവാഹികൾ എന്നിവരെയും ഈ നിമിഷത്തിൽ നന്ദിയോടെ ഓർക്കുന്നു.

ജില്ലയിലെ ഓരോ യൂണിറ്റുകളിൽ നിന്നും കടന്നുവന്ന യുവജന നേതാക്കന്മാർ, ഭക്ഷണം








തയ്യാറാക്കിയ അമ്മമാർ, അതിന് വേണ്ടി അധ്വാനിച്ച കുടുംബനാഥൻമാർ, അത് എത്തിച്ച് നൽകിയ മറ്റ് യുവജന സുഹൃത്തുക്കൾ, ഈ പ്രോഗ്രാമിന് എല്ലാ വിധ പ്രോത്സാഹനങ്ങളും നൽകിയ മേഖലയിലെ എല്ലാ വൈദികരെയും പ്രാർത്ഥനയിൽ ഓർക്കുന്നു.

### Premio de merito 2k23

എം.സി.വൈ.എം. മുവാറ്റുപുഴ ഭദ്രാസനത്തിന്റെ നേതൃത്തിൽ കുന്നംകുളം മേഖലയിലെ 10,+2 ക്ലാസുകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ എം.സി.വൈ.എം. സുഹൃത്തുക്കളെ ആദരിക്കുന്ന പരിപാടിയായ Premio de merito 2k23 വിമലഗിരി പബ്ലിക് സ്കൂൾ, കരുവാംകാട് വച്ച് നടത്തപ്പെട്ടു. ‘ആത്മീയതയും യുവത്വവും’ എന്ന് വിഷയത്തിൽ ആരംഭിച്ച ക്ലാസ് ബഹു. ഫാ. ജോസഫ് പന്നിവിഴ നയിച്ചു. തുടർന്ന് മോസ്റ്റ്.

www.malankaralibrary.com





റവ. ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്ത ഉദ്ഘാടന കർമ്മം നിർവഹിച്ചു. മേഖല വികാരി ബഹു. ഫാ. മാത്യു അറയ്ക്കൽ, രൂപത വൈസ് പ്രസിഡന്റ് ആൽവിൻ വർഗീസ്, മേഖല പ്രസിഡന്റ് സിജോ ടി. എസ് എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ശേഷം 10, +2 ക്ലാസുകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ എം.സി.വൈ.എം. സുഹൃത്തുക്കളെ മെമെന്റോ കൊടുത്തു ആദരിക്കുകയും എം.ജി. യൂണിവേഴ്സിറ്റി, ബി.എ. ലിറ്ററേച്ചറിൽ രണ്ടാം റാങ്ക് കരസ്ഥമാക്കിയ ബ്രദർ ജിജിൻ ജോർജ് ഒ.ഐ.സിക്കും ആതുരശുശ്രൂഷ രംഗത്ത് മികച്ച സേവനം കാഴ്ചവച്ച് സഭയ്ക്കും സമൂഹത്തിനും അഭിമാനമായും മാറാൻ, കുന്നംകുളം മേഖലയിലെ കട്ടിലപൂവം ഇടവകയിൽ നിന്നും എം.ബി.ബി.എസ്. പാസ്സായ ഡോ. സാന്ദ്ര ബേബിക്കും എം.സി.വൈ.എം. കുന്നംകുളം മേഖലയുടെ നേതൃത്വത്തിൽ അനുമോദനങ്ങൾ അർപ്പിക്കുകയും ആദരിക്കുകയും ചെയ്തു. തുടർന്ന് എല്ലാ യൂണിറ്റുകൾക്കും ബുക്കുകൾ വിതരണം ചെയുകയും മേഖല കൗൺസിൽ ആരംഭിക്കുകയും ചെയ്തു. കൗൺസിലിൽ മേഖലാ വൈസ് പ്രസിഡന്റായി വാഴാനി യൂണിറ്റിൽനിന്നും ഷജന ടി. എസിനെ തിരഞ്ഞെടുത്തു.

85 ഓളം യുവജനങ്ങൾ പങ്കെടുത്ത ഈ പരിപാടിയിൽ ഉദ്ഘാടന സന്ദേശം നൽകിയ മുവാറ്റുപുഴ ഭദ്രാസനാധ്യക്ഷൻ മോസ്റ്റ്. റവ. ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്തയ്ക്കും, മേഖല വികാരി മാത്യു അറയ്ക്കൽ അച്ചനും ക്ലാസ് നയിച്ച ജോസഫ് പന്നിവിഴ അച്ചനും, മറ്റ് യൂണിറ്റ് ഡയറക്ടർമാർ, ജില്ലാ സമിതി അംഗങ്ങൾ, യൂണിറ്റ് ഭാരവാഹികൾ എന്നിവരെയും ഈ നിമിഷത്തിൽ നന്ദിയോടെ ഓർക്കുന്നു.

## പാറശ്ശാല ഭദ്രാസനം

### അസ്സീസിയൻസ്@വനിക



എം.സി.വൈ.എം. പാറശ്ശാല ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ ഈ വർഷത്തെ പരിസ്ഥിതി ദിനാഘോഷം 2023 ജൂൺ 10 ശനിയാഴ്ച കുറ്റിച്ചൽ -പേപ്പാറ പ്രദേശങ്ങളിലായി നടന്നു. പരിസ്ഥിതി ദിനാഘോഷം കാട്ടാക്കട വൈദിക ജില്ലാ ഡയറക്ടർ ബഹു. ഫാ. സേവ്യർ കോണത്തുവിള ഉദ്ഘാടനം ചെയ്തു. ഭദ്രാസന പ്രസിഡന്റ് ശരത് ലാലിന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ ഭദ്രാസന അസി. ഡയറക്ടർ ഫാ. വിമൽ വിൻസെന്റ് ആമുഖ സന്ദേശവും ഭദ്രാസന ആനിമേറ്റർ സി. സീന ജോൺ ഡി.എം., കാട്ടാക്കട വൈദിക ജില്ലാ പ്രസിഡന്റ് പിയൂഷ് പോൾ, യൂണിറ്റ് ഡയറക്ടർ ഫാ. അബിൻ മുല്ലക്കൽ

www.malankaralibrary.com



എന്നിവർ ആശംസകളും അറിയിച്ചു. പ്രകൃതിയെ കൂടുതൽ അറിയുവാൻ യുവജനങ്ങൾ ഒരുമിച്ച് പേപ്പാറ ഡാമിന് അടുത്തുള്ള വനമേഖല സന്ദർശിച്ച് ട്രക്കിംഗ് നടത്തി. ഫോറസ്റ്റ് ഓഫീസർമാർ പ്രകൃതി യുടെയും വനമേഖലയുടെയും സവിശേഷതകൾ പങ്കുവച്ചു. പ്രകൃതിയുടെ വിരിമാറിൽ പുതുമ നിറഞ്ഞ കളികളും വ്യത്യസ്ത നിറഞ്ഞ ഗാനങ്ങളുമായി യുവ ജനങ്ങൾ പരിസ്ഥിതി ദിനാഘോഷം മനോഹരമാക്കി. ഭദ്രാസന ഡയറക്ടർ ഫാ. പ്രഭീഷ് ജോർജ്ജ് സമാപന സന്ദേശം നൽകി. വളരെ ഹൃദ്യമായ ക്രമീകരണങ്ങൾ ചെയ്ത് ആതിഥേയത്വമരുളിയ കാട്ടാക്കട ജില്ലയ്ക്കും കുറ്റിച്ചൽ യൂണിറ്റിനും ഭദ്രാസന യുവജന കുടുംബ ത്തിന്റെ നന്ദി.

## അസ്സിസിയൻസ്@താബോർ യുവജന ധ്യാനം



എം.സി.വൈ.എം. പാറശ്ശാല ഭദ്രാസന സമിതി യുടെ നേതൃത്വത്തിൽ കാട്ടാക്കട വൈദിക ജില്ലയിലെ യുവജനങ്ങൾക്ക് വേണ്ടി സംഘടിപ്പിച്ച യുവജന ധ്യാനം, അസ്സിസിയൻസ്@ താബോർ പുത്തൻകാവു വിള ദൈവാലയത്തിൽ വച്ച് 2023 മെയ് 28 ഞായറാഴ്ച ഉച്ചയ്ക്ക് ശേഷം നടന്നു. കരുണകൊന്തയോടെ ആരം ഭിച്ച യുവജന ധ്യാനത്തിൽ കാട്ടാക്കട വൈദിക ജില്ലാ ഡയറക്ടർ ബഹു. ഫാ. സേവ്യർ കോണത്തുവിള പ്രാരംഭ പ്രാർത്ഥനയും ബഹു. തോമസ് പൊറ്റപുരയിടം അച്ചൻ വചനസന്ദേശവും നൽകി. അന്നേദിവസം യുവജനങ്ങൾ എല്ലാവരും കുമ്പസാരിച്ച് ദൈവകൃപ പ്രാപിക്കുകയും വി. കുർബാനയുടെ ആരാധനയിൽ സംബന്ധിക്കുക യും ചെയ്തു. യുവജന ധ്യാനത്തിന് കാട്ടാക്കട വൈദിക ജില്ല ഡയറക്ടർ ഫാ. സേവ്യർ കോണത്തുവിള സമാപന സന്ദേശം നൽകി. 200 ഓളം യുവജനങ്ങൾ പങ്കെടുത്ത യുവജന ധ്യാനത്തിന് വേണ്ട ക്രമീകരണങ്ങൾ കാട്ടാക്കട വൈദിക ജില്ലയുടെ നേതൃത്വത്തിൽ പുത്തൻകാവുവിള യൂണിറ്റ് നടത്തി.

## അസ്സിസിയൻസ്@താബോർ യുവജന ധ്യാനം സമാപിച്ചു



എം.സി.വൈ.എം. പാറശ്ശാല ഭദ്രാസന സമിതി യുടെ നേതൃത്വത്തിൽ യുവജനങ്ങൾക്ക് വേണ്ടി സംഘ ടിപ്പിച്ച യുവജന ധ്യാനം, അസ്സിസിയൻസ്@ താബോർ സമാപിച്ചു. ബാലരാമപുരം വൈദിക ജില്ലയിലെ യുവജനങ്ങൾക്ക് വേണ്ടിയുള്ള നവീകരണ ധ്യാനം ബാലരാമപുരം ദൈവാലയത്തിൽ വച്ച് 2023 ജൂൺ 4 ഞായറാഴ്ച ഉച്ചയ്ക്ക് ശേഷം നടന്നു. കരുണകൊന്ത യോടെ ആരംഭിച്ച യുവജന ധ്യാനത്തിൽ ഫാ. ഷീൻ പാലക്കുഴി പ്രാരംഭ പ്രാർത്ഥനയും ബഹു. തോമസ് പൊറ്റപുരയിടം അച്ചൻ വചനസന്ദേശവും നൽകി. അന്നേദിവസം യുവജനങ്ങൾ എല്ലാവരും കുമ്പസാ രിച്ച് ദൈവകൃപ പ്രാപിക്കുകയും വി. കുർബാനയുടെ ആരാധനയിൽ സംബന്ധിക്കുകയും ചെയ്തു. യുവ ജന ധ്യാനത്തിന് ബാലരാമപുരം വൈദികജില്ല ഡയ റക്ടർ ഫാ. ജെറോം കുന്നിൻപുറത്തു സമാപന സന്ദേശം നൽകി. 200 ഓളം യുവജനങ്ങൾ പങ്കെടുത്ത യുവജന ധ്യാനത്തിന് വേണ്ട ക്രമീകരണങ്ങൾ ബാലരാമപുരം വൈദിക ജില്ലയുടെ നേതൃത്വത്തിൽ ബാലരാമപുരം യൂണിറ്റ് നടത്തി.

www.malankaralibrary.com



## ഒമാൻ

### പരസ്ഥിതി ദിനാഘോഷം

മലങ്കര സുറിയാനി കത്തോലിക്കാ യുവജന പ്രസ്ഥാനം, എം.സി.വൈ.എം. ഒമാന്റെ നേതൃത്വത്തിൽ ഗ്രീൻ ഔറ പരിസ്ഥിതി ദിനാഘോഷം നടത്തപ്പെട്ടു. 2023 ജൂൺ 9-ാം തീയതി വെള്ളിയാഴ്ച, ഗാല ഹോളി സ്പിരിറ്റ് ദൈവാലയത്തിൽ വിശുദ്ധ കുർബാനയോടുകൂടെയാണ് പരിസ്ഥിതി ദിനാഘോഷം ആരംഭിച്ചത്. വിശുദ്ധ കുർബാനയ്ക്ക് ശേഷം എം.സി.വൈ.എം. ഒമാൻ ഡയറക്ടർ ബഹു. ഫിലിപ്പ് നെല്ലുവിള അച്ചൻ പരിസ്ഥിതിദിന സന്ദേശവും ഇൻഡോർ പ്ലാന്റ് വിതരണവും നടത്തി.

പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം വ്യക്തമാക്കികൊണ്ട് എം.സി.വൈ.എം. ഒമാൻ പ്രസിഡന്റ് ശ്രീ. അലക്സ് ഇരുമ്പിനിക്കലും ട്രഷറർ ശ്രീ. സ്റ്റെബിൻ സി. ഈപ്പനും ചേർന്ന് ബഹു. ഫിലിപ്പ് നെല്ലുവിള അച്ചന് ഇൻഡോർ പ്ലാന്റ് കൈമാറി.



## 2023 ജൂലൈ 14 വെള്ളി

7:30 am : **പിരപ്പൻകോട് ദൈവാലയം**
പ്രഭാത നമസ്കാരം, വിശുദ്ധ കുർബാന
(പ്രഭാത ഭക്ഷണം)

11:30 am : **വേറ്റിനാട് മൗണ്ട് കാർമ്മൽ ധ്യാനകേന്ദ്രം**
(ഗുഡ്ഗാവ്, പൂനെ- കട്കി, പുത്തൂർ, ബത്തേരി ഭദ്രാസനങ്ങളിലെ പദയാത്രകളും നെടുമങ്ങാട് വൈദിക ജില്ലാ പദയാത്രയും പ്രധാന പദയാത്രയുമായി സംഗമിക്കുന്നു)
(ഉച്ചഭക്ഷണം)

2.30 pm : **അരുവിയോട് കുരിശ്ശടി**

3:30 pm : **നാലാഞ്ചിറ ബഥനി ആശ്രമം**

4:00 pm : **മാർ ഈവാനിയോസ് കോളേജ് ഗേറ്റ്**

5:00 pm : **പട്ടം സെന്റ് മേരീസ് മേജർ ആർക്കിഎപ്പാർക്കിയൽ കത്തീഡ്രൽ**

5:15 pm : **തീർത്ഥാടന പദയാത്ര ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കൽ എത്തിച്ചേരുന്നു.**

6:00 pm : **കത്തീഡ്രൽ ദൈവാലയം – സന്ധ്യാ പ്രാർത്ഥന**

6:45 pm : **മെഴുകുതിരി പ്രദക്ഷിണം**
**കബറിങ്കൽ ധൂപപ്രാർത്ഥന**
**അപ്പസ്തോലിക ആശീർവാദം**




തീർത്ഥാടകർ ജൂലൈ 1–ാം തീയതി മുതൽ നോമ്പിന്റെ അരൂപിയിൽ വ്രതനിഷ്ഠയോടെ മത്സ്യമാംസാദികൾ വർജ്ജിച്ച് ആത്മീയമായി ഒരുങ്ങണമെന്ന് ഓർമ്മിപ്പിക്കുന്നു.

www.malankaralibrary.com

## 2023 ജൂലൈ 15 ശനി

### 70-ാം ഓർമ്മ പെരുന്നാൾ

8.00am **സ്വീകരണം, പ്രഭാത നമസ്കാരം**
**ആഘോഷമായ വിശുദ്ധ സമൂഹബലി**

മുഖ്യ കാർമ്മികൻ
**അത്യഭിവന്ദ്യ കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ**

വചന സന്ദേശം
**അത്യഭിവന്ദ്യ പാത്രിയർക്കീസ് പിയർബറ്റിസ്റ്റ പിറ്റ്സബല്ല ബാവാ**
(ജറുസലേമിലെ ലത്തീൻ പാത്രിയർക്കീസ്)

**കബറിങ്കൽ ധൂപപ്രാർത്ഥന**

**സ്നേഹവിരുന്ന്**




ആചാര്യേശാ, മ്ശിഹാ, കൂദാ-ശകളർപ്പിച്ചോ-
രാചാര്യന്മാർക്കേകുക പുണ്യം, നാഥാ സ്തോത്രം

St. Mary's Press, Pattom, TVM. Ph: 0471 2446116

# മലങ്കര സുറിയാനി കത്തോലിക്കാ സഭ

## മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ്
(എം.സി.വൈ.എം)

# ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 70–ാം ഓർമ്മപ്പെരുന്നാൾ



## പുണ്യപിതാവിന്റെ കബറിങ്കലേയ്ക്കുള്ള 43–ാമത് തീർത്ഥാടന പദയാത്ര

**2023 ജൂലൈ 10 മുതൽ 14 വരെ**

റാന്നി– പെരുന്നാട്ടിൽ നിന്നും തിരുവനന്തപുരം, പട്ടം സെന്റ് മേരീസ് മേജർ ആർക്കി എപ്പാർക്കിയൽ കത്തീഡ്രൽ ദൈവാലയത്തിലെ കബറിങ്കലേക്ക്

05 - 06 - 2023
തിരുവനന്തപുരം

പ്രിയ ബഹുമാനപ്പെട്ട അച്ചാ, സിസ്റ്റർ, സുഹൃത്തെ,

മലങ്കര പുനരൈക്യ ശില്പിയും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രഥമ മെത്രാപ്പോലിത്തായുമായ **ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ 70 – ാം ഓർമ്മ പെരുന്നാൾ 2023 ജൂലൈ 15**ന് നടക്കുകയാണല്ലോ. ഇതിനോടനുബന്ധിച്ച് റാന്നി - പെരുന്നാട്ടിൽ നിന്നും തിരുവനന്തപുരം സെന്റ് മേരീസ് മേജർ ആർക്കി എപ്പാർക്കിയൽ കത്തീഡ്രൽ ദൈവാലയത്തിൽ സ്ഥിതി ചെയ്യുന്ന പുണ്യപിതാവിന്റെ പരിപാവനമായ കബറിടത്തിലേയ്ക്കുള്ള 43 - ാംമത് തീർത്ഥാടനപദയാത്ര മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റിന്റെ നേതൃത്വത്തിൽ 2023 ജൂലൈ 10 - ന് ആരംഭിക്കുന്നു. ഇതിനോട് ചേർന്ന് സഭയുടെ വിവിധ ഭദ്രാസനങ്ങളിൽ നിന്നും തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെയും പത്തനംതിട്ട ഭദ്രാസനത്തിലെയും വൈദിക ജില്ലകളിൽ നിന്നും തീർത്ഥാടന പദയാത്രകൾ വിവിധ ദിവസങ്ങളിൽ ആരംഭിക്കുന്നതാണ്.

സഭൈക്യ പ്രവാചകനും ഭാഗ്യസ്മരണാർഹനുമായ ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ പുണ്യജീവിതം ധ്യാന വിഷയമാക്കുന്നതിനും പിതാവിന്റെ മദ്ധ്യസ്ഥംവഴിയായി അനുഗ്രഹം പ്രാപിക്കുന്നതിനും ഈ പുണ്യപദയാത്ര സഹായകമാകും.

ഈ തീർത്ഥാടന പുണ്യ പദയാത്രയിൽ ത്യാഗപൂർവ്വം പങ്ക് ചേർന്ന് അനുഗ്രഹങ്ങൾ പ്രാപിക്കുവാനും ആത്മീയ ചൈതന്യം ഉൾക്കൊണ്ട് ദൈവത്തെ സമ്പാദിക്കുവാനും അങ്ങയെ പ്രാർത്ഥനാപൂർവ്വം ക്ഷണിക്കുന്നു.

മലങ്കര സുറിയാനി കത്തോലിക്കാസഭാ യുവജന പ്രസ്ഥാനത്തിനുവേണ്ടി,

**എയ്ഞ്ചൽ മേരി**
സഭാതല പ്രസിഡന്റ്

**സുബിൻ തോമസ്**
സഭാതല ജനറൽ സെക്രട്ടറി

**രഞ്ജിത ആർ ജെ**
പ്രസിഡന്റ്
തിരുവനന്തപുരം മേജർ അതിഭദ്രാസനം

**ബിനോ റ്റി. ഗിൽബർട്ട്**
ജനറൽ സെക്രട്ടറി
തിരുവനന്തപുരം മേജർ അതിഭദ്രാസനം

**അജോഷ് എം. തോമസ്**
പ്രസിഡന്റ്
പത്തനംതിട്ട ഭദ്രാസനം

**ബിബിൻ എബ്രഹാം**
ജനറൽ സെക്രട്ടറി
പത്തനംതിട്ട ഭദ്രാസനം

**റവ. ഡോ. പ്രദീഷ് ജോർജ്ജ്**
(സഭാതല ഡയറക്ടർ)

**റവ. ഫാ. ജോസഫ് തോട്ടത്തിൽകടയിൽ**
(ഡയറക്ടർ, തിരുവനന്തപുരം മേജർ അതിഭദ്രാസനം)

**റവ. ഫാ. ജോബ് പതാലിൽ**
(ഡയറക്ടർ, പത്തനംതിട്ട ഭദ്രാസനം)

**റവ. ഫാ. അലോഷ്യസ് തെക്കേടത്ത്**
(അസ്സി. ഡയറക്ടർ, തിരുവനന്തപുരം മേജർ അതിഭദ്രാസനം)

www.malankaralibrary.com

# റാന്നി പെരുന്നാട്ടിൽ നിന്നാരംഭിക്കുന്ന പ്രധാന പദയാത്ര

## 2023 ജൂലൈ 9 ഞായർ

5:30 pm : **കുരിശിന്റെ വഴി**
(റാന്നി - പെരുന്നാട് കുരിശുമലയിൽ)

7:00 pm : **സന്ധ്യാ പ്രാർത്ഥന, ഒരുക്കധ്യാനം**
**ഫാ. ആന്റണി കല്ലിൽ O. I. C**
(ബഥനി ആശ്രമം, റാന്നി പെരുന്നാട്)

## 2023 ജൂലൈ 10 തിങ്കൾ

6:30 am : **റാന്നി – പെരുന്നാട് കുരിശുമല ദൈവാലയം**
പ്രഭാത നമസ്കാരം, വിശുദ്ധ കുർബാന

മുഖ്യകാർമ്മികൻ : **അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്ക ബാവാ**

8:00 am : പ്രഭാത ഭക്ഷണം

8:30 am : **പദയാത്ര ഉദ്ഘാടനവും ആശിർവാദവും**

12:30 pm : **വടശ്ശേരിക്കര ദൈവാലയം** (ഉച്ചഭക്ഷണം)

2:30 pm : **മണ്ണാറക്കുളഞ്ഞി ദൈവാലയം**

3:30 pm : **മൈലപ്ര ദൈവാലയം** (കോന്നി വൈദീക ജില്ലയുടെ പദയാത്ര പ്രധാന പദയാത്രയുമായി സംഗമിക്കുന്നു)

4:30 pm : **പത്തനംതിട്ട കത്തീഡ്രൽ** (പത്തനംതിട്ട വൈദീക ജില്ലയുടെ പദയാത്ര പ്രധാന പദയാത്രയുമായി സംഗമിക്കുന്നു)

5.30 pm : **പുത്തൻപീടിക ദൈവാലയം** (വിശ്രമം)

## 2023 ജൂലൈ 11 ചൊവ്വ

6:30 am : **പുത്തൻപീടിക ദൈവാലയം**
പ്രഭാത നമസ്കാരം, വിശുദ്ധ കുർബാന
(പ്രഭാത ഭക്ഷണം)

09:00 am : **ഓമല്ലൂർ ദൈവാലയം**

10:00 am : **കൈപ്പട്ടൂർ ദൈവാലയം**

11:00 am : **ചന്ദനപ്പള്ളി ദൈവാലയം** (ഉച്ചഭക്ഷണം)

1:00 pm : **കൊടുമൺ ദൈവാലയം**

2:00 pm : **ആനന്ദപ്പള്ളി ജംഗ്ഷൻ**

3:00 pm : **അടൂർ ദൈവാലയം** (തിരുവല്ല അതിഭദ്രാസനം, മൂവാറ്റുപുഴ ഭദ്രാസനം, പന്തളം, അടൂർ വൈദികജില്ല പദയാത്ര സംഘങ്ങൾ പ്രധാന പദയാത്രയുമായി സംഗമിക്കുന്നു)

4:30 pm : **പുതുശ്ശേരിഭാഗം ദൈവാലയം**

4.45 pm : **ഏനാത്ത് കുരിശടി**

5.15 pm : **കുളക്കട**

6.30 pm : **കലയപുരം ദൈവാലയം** (വിശ്രമം)

## 2023 ജൂലൈ 12 ബുധൻ

6:30 am : **കലയപുരം ദൈവാലയം**
പ്രഭാത നമസ്കാരം, വിശുദ്ധ കുർബാന
(പ്രഭാത ഭക്ഷണം)

8:30 am : **മൈലം ദൈവാലയം**

11:30 am : **കിഴക്കേതെരുവ് ദൈവാലയം** (ഉച്ചഭക്ഷണം)
(കൊട്ടാരക്കര വൈദിക ജില്ല പദയാത്ര പ്രധാന പദയാത്രയുമായി സംഗമിക്കുന്നു)

1:30 pm : **കരിക്കം ദൈവാലയം**

3:30 pm : **വാളകം**

5:00 pm : **ആയൂർ ദൈവാലയം** (ആയൂർ,അഞ്ചൽ, പുനലൂർ വൈദിക ജില്ലകളിലെ പദയാത്രകൾ പ്രധാന പദയാത്രയുമായി സംഗമിക്കുന്നു)
(വിശ്രമം)

## 2023 ജൂലൈ 13 വ്യാഴം

6:30 am : **ആയൂർ ദൈവാലയം**
പ്രഭാത നമസ്കാരം, വിശുദ്ധ കുർബാന

9:00 am : **കുരിയോട്** (പ്രഭാത ഭക്ഷണം)

9:30 am : **നിലമേൽ ദൈവാലയം**

10 :30 am : **തട്ടത്തുമല ദൈവാലയം**

12:30 pm : **പാപ്പാല ദൈവാലയം** (ഉച്ചഭക്ഷണം)

2:30 pm : **കാരേറ്റ് ദൈവാലയം** (കിളിമാനൂർ വൈദിക ജില്ലാ പദയാത്ര പ്രധാന പദയാത്രയുമായി സംഗമിക്കുന്നു)

5:00 pm : **പിരപ്പൻകോട് മലങ്കര മെഡിക്കൽ വില്ലേജ്**
(വിശ്രമം)

